കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി6)1674/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020

ഫോൺ : 0487-2331249

ഇ-മെയിൽ :dotsr.ksad@kerala.gov.in

തീയതി: 10.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, ഭാഗം 3ലെ 3-16, 3-20 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എടി.എസ്.ആർ(പി6)1674/2018 തിയ്യതി : 10.01.2019

# തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2017 മുതൽ 31-03-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.വി.സുനിൽകുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2018 മുതൽ 17.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ .എൻ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി.ഹണി.കെഎസ് | അസി.ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | ശ്രീമതി.ലിഷ കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.സി | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ഇദ്രീസ് അബ്ദുള്ള | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി.കെ. സദാനന്ദൻ മാസ്റ്റർ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. സാബു. പി. വി. | 01-04-2017 മുതൽ 31-03-2018 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീ. ജ്യോതിരാജ്. പി. എസ്. | 01-04-2017 മുതൽ 01-11-2017 FN വരെ |
| | ശ്രീ. പ്രസൂൺ. പി. പി. | 01-11-2017 FN മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സ്വാതി. പി. എസ്. | 01-04-2017മുതൽ 15-04-2017 വരെ |
| | ശ്രീമതി. റിയ ജോസഫ് | 16-04-2017 മുതൽ 06-07-2017 വരെ |
| | ശ്രീ. വിനേഷ് കുമാർ. കെ. വി | 07-07-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | ശ്രീ. രഘുനാഥൻ | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | ശ്രീമതി. ചിത്ര. സി.കെ | 01-04-2017 മുതൽ 28-07-2017 വരെ |
| | ശ്രീ. ഹരി. കെ. എ | 29-07-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജ്യോതി ശ്രീധരൻ | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. മഞ്ജുഷ. ടി. വി. | 01-04-2017 മുതൽ 28-11-2017 വരെ |
| | ശ്രീമതി. ജിഷ. കെ.വി | 29-11-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ആഷിക്. എൻ.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി. ആൻസി | 01-04-2017 മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | ജോസ് | 31-03-2018 വരെ |
| അസി. സെക്രട്ടറി | ശ്രീ. എ.ജെ.<br>ബൈജു | 01-04-2017 മുതൽ<br>31-03-2018 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ. ഇ.എം.<br>മുഹമ്മദ് അമീൻ | 01-04-2017 മുതൽ<br>31-03-2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |

| | | |
|---|---|---|
| 13 | രശീതി പരിപാലനത്തിൽ അപാകതകൾ | 2-1 |
| 14 | ബജറ്റ് | 2-2 |
| 15 | ഭവനനിധി രൂപീകരിച്ചിട്ടില്ല. | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ്-അപാകതകൾ | 2-4 |
| 17 | കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണം - ഫീസ് ഈടാക്കിയതിൽ വ്യത്യാസം | 2-5 |
| 18 | സഞ്ചയ-സാംഖ്യ സംയോജനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന അപാകതകൾ | 2-6 |
| 19 | വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളിലെ വസ്തു നികുതി -ഒരു കെട്ടിടത്തിലെ ഓരോ മുറികൾക്കും പ്രത്യേകം നികുതി നിർണ്ണയിച്ചിരിക്കുന്നു- പഞ്ചായത്തിന് ധന നഷ്ടം | 2-7 |
| 20 | ഡി&ഒ ലൈസൻസ് -മോട്ടോർ റണ്ണിംഗ് ഫീ കുറവ് ഈടാക്കി. | 2-8 |
| 21 | ഡി&ഒ ലൈസൻസ് ഇല്ലാതെ പെട്രോൾ പമ്പുകൾ പ്രവർത്തിപ്പിക്കുന്നു-ലൈസൻസ് ഫീ, തൊഴിൽ നികുതി നഷ്ടം | 2-9 |
| | ഭാഗം 3 | |
| 22 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ. | 3-1 |
| 23 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയില്ല. | 3-2 |
| 24 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 3-3 |

| | | |
|---|---|---|
| 25 | ഭൂജലവകുപ്പിന് അധികം തുക നൽകിയത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-4 |
| 26 | ആദായനികുതി ഈടാക്കിയിട്ടില്ല. | 3-5 |
| 27 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 3-6 |
| 28 | കറവപ്പശു വളർത്തൽ പദ്ധതി- അപാകതകൾ | 3-7 |
| 29 | അടുക്കളമുറ്റത്തെ കോഴി വളർത്തൽ - അപാകതകൾ | 3-8 |
| 30 | ഒറിജിനൽ ഡെപ്പോസിറ്റ് രസീതികൾ ഫയലിൽ സൂക്ഷിക്കുന്നു | 3-9 |
| 31 | ആസ്തി രജിസ്റ്ററിലെ വിവരണങ്ങളിൽ കൃത്യതയില്ല | 3-10 |
| 32 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-11 |
| 33 | ഭാഗികമായി റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു | 3-12 |
| 34 | കണ്ടിരുത്തി റോഡ് -മെറ്റലിംഗ്,ടാറിംഗ് - നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിച്ചില്ല. | 3-13 |
| 35 | തനത് വരുമാനം കുറവായ അവസ്ഥയിൽ തനത് ഫണ്ട് ഉപയോഗിച്ച് റോഡ് ടാറിംഗ് പ്രവൃത്തി ചെയ്തു | 3-14 |
| 36 | റോഡ് പ്രവൃത്തികൾ - ബിറ്റുമിൻ കാലി ബാരൽ വില ബില്ലിൽ നിന്നു കുറവു വരുത്താത്തത് സംബന്ധിച്ച്. | 3-15 |
| 37 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-16 |
| 38 | ഹെഡ് മാസ്റ്റർ നടപ്പാക്കിയ വിവിധ പദ്ധതികൾ-അപാകതകൾ | 3-17 |

| | | |
|---|---|---|
| 39 | ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല | 3-18 |
| 40 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി അപാകത | 3-19 |
| 41 | അങ്കണവാടി പൂരക പോഷകാഹാരം കേന്ദ്ര വിഹിതം- ബാലൻസ് തുക വിനിയോഗിച്ചിട്ടില്ല. | 3-20 |
| 42 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം. | 3-21 |
| | ഭാഗം 4 | |
| 43 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 46 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 47 | സ്ഥിര നിക്ഷേപം | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 53 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 54 | അനുബന്ധം 2 റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം &എക്സ്പെൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് ) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 07-03-2018 തീയതിയിലെ 16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 04-05-2018 | - | 04-05-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06-2018 മുതൽ 14-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(35) തീയതി 13-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7984847 |
| വരവ് | 57419319 |
| ആകെ | 65404166 |
| ചെലവ് | 61689403 |
| നീക്കിയിരിപ്പ് | 3714763 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13553000 | 13553000 | 11243015 | 2309985 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7923158 | 7923158 | 7718372 | 204786 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 10996 | 10996 | 0 | 10996 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7768000 | 7768000 | 7768000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2998000 | 2998000 | 1986322 | 1011678 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6364928 | 6364928 | 5944632 | 420296 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1788576 | 1788576 | 1725181 | 63395 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 11829558 | 11829558 | 11829558 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3950 | 688650 | 692600 | 690499 | 2101 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 349239 | 362495 | 711734 | 325208 | 386526 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – ബി ഫണ്ട് (പ്രൊഡക്ഷൻ ബോണസ്) | | 0 | 683700 | 683700 | 683700 | 0 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 240000 | 240000 | 240000 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 20520 | 20520 | 20520 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 3253700 | 3253700 | 3253700 | 0 |
| വിധവ പെൻഷൻ | | 0 | 16682700 | 16682700 | 16682700 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 18769300 | 18769300 | 18769300 | 0 |
| വികലാംഗ പെൻഷൻ | | 0 | 3400500 | 3400500 | 3400500 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | 0 | 1354600 | 1354600 | 1354600 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 144975 | 1266950 | 1411925 | 1246856 | 165069 |
| | ജില്ലാ പഞ്ചായത്ത് | 122238 | 850000 | 972238 | 573444 | 398794 |
| ബി ഫണ്ട് | | 0 | 683700 | 683700 | 683700 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 2452434 | 9086000 | 11538434 | 11234776 | 303658 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2348231 | 6137181 | 8485412 | 7910132 | 575280 |
| | ട്രഷറി അക്കൗണ്ട് | 2452434 | 9086000 | 115384334 | 11234776 | 303658 |
| മറ്റിനം (എസ്.ബി.ടി) | | 2618389 | 97529 | 2715918 | 89 | 2715829 |

കുറിപ്പ്:- സംയുക്ത പ്രോജക്റ്റ് ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്ക് ബി4 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 70125592 | 126 | 41127423 | 18 | 44 | 67.00 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. 107/2018 ആട് വളർത്തൽ (വനിത)
2. 109/2018 ആട് വളർത്തൽ (എസ്.സി.) വനിത.
3. 54/2018 അംഗൻവാടി നമ്പർ 36, കെട്ടിട നിർമ്മാണം.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3950 | 688650 | 692600 | 690490 | 2101 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11829558 | 11829558 | 11829558 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20520 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 3253700 | 272 |
| വിധവാപെൻഷൻ | 16682700 | 1395 |
| വാർദ്ധക്യകാലപെൻഷൻ | 18769300 | 1413 |
| വികലാംഗപെൻഷൻ | 3400500 | 302 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1354600 | 155 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 240000 | 8 |

| | | |
|---|---|---|
| വിവാഹ ധനസഹായം | | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-10-2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,543/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടില്ല. 18-03-2003 ലെ സ.ഉ 92/2003, 2003ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. പല പദ്ധതികളിലും പർച്ചേയ്സ് ഓർഡർ, കരാറുകൾ, വർക്ക് ഓർഡർ എന്നിവ ചമച്ചുകാണുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങളും, കൂടാതെ എല്ലാ ഡി. ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്തു സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലും ഇല്ല. അസസ്സ്മെന്റ് രജിസ്റ്ററിൽ നികുതി നിർണ്ണയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബിൽ രജിസ്റ്ററിൽ വൗച്ചർ നമ്പർ ചേർത്തിട്ടില്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസിലെ ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫിസ് ഡയറി എന്നീ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ഇരിപ്പിടം, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ടെങ്കിലും ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെലിവിഷൻ പ്രവർത്തന സജ്ജമല്ല. നിലവിൽ ഫ്രണ്ട് ഓഫീസിൽ ടച്ച് സ്ക്രീൻ, പൊതുജനങ്ങൾക്കായി "ഹെൽപ് ഡെസ്ക്" സംവിധാനം എന്നിവ ഇല്ല. പഞ്ചായത്ത് ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനത്തിലാണ്.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ലോസ് ചെയ്യുന്നില്ല. ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. ആഭ്യന്തര നിയന്ത്രണസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-09-2018 | 8/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-09-2016 മുതൽ 04-10-2016 വരെ | 2011-2012 മുതൽ 2015-2016 വരെ | 01-12-2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)
2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും, വാർഷിക പത്രികയിൽ പറയുന്ന മുന്നിരിപ്പ്- നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.
3. ജില്ലാ സഹകരണ ബാങ്കിന്റെ (തനത് ഫണ്ട്) പഞ്ചായത്ത് നൽകിയിട്ടുള്ളതും, 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക 'Liability in respect of stale cheque'എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
4. ജില്ലാ സഹകരണ ബാങ്കിന്റെ റീകൺസീലിയേഷൻ പത്രിക പ്രകാരം 1,41,304/- രൂപ "Cheques deposited but not collected" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11-ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.
6. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തി കാണുന്നില്ല.
7. ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000- Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2018-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101- Prior period income- Property tax on residential buildings | 1,81,141 |
| 280300599- Prior period income- Recovery of revenues written off- other income | 100 |
| 280200401- Prior period income- Other incomes | 10378 |
| 280600401- Prior period expenses – Recovery of unutilised grants to Govt. | 570519 |
| 280100102- Prior period income Profession tax – institutions/ Professionals/ traders<br>280600499- Prior period Expenses- Remission and refund- Other incomes<br>280800101- Prior period- Establishment Expenses | 4,960<br>73686<br>31449 |

8. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തു നികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതി ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

കുടിശ്ശിക – ഡി.സി.ബി. (റസിഡൻസ് & നോൺ റസിഡൻസ്)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 903691 | 905076 | 14555 |

| | | | |
|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 975118 | 905076 | 3697 (ബാലൻസ് ഷീറ്റ് ബി-15 പ്രകാരം സെസ്സ് കുറച്ചുള്ള തുക) |

സഞ്ചയ പ്രകാരം സെസ്സ് ഉൾപ്പെടെയുള്ള കുടിശ്ശിക ഡിമാന്റ് 950872/- രൂപയാണ്. സാംഖ്യ പ്രകാരം ഇത് 1023874 രൂപയുമാണ്. സഞ്ചയയും സാംഖ്യയും തമ്മിലുള്ള ഡിമാന്റ് വ്യത്യാസം (73002) prior period income (280100101) എന്ന ഹെഡ്ഡിലേക്ക് മാറ്റിയതായി കാണുന്നു. സഞ്ചയ പ്രകാരവും സാംഖ്യ പ്രകാരവും ഡിമാന്റും കളക്ഷനും തമ്മിലുള്ള വ്യത്യാസമല്ല ബാലൻസ് ആയി വന്നിരിക്കുന്നത്.

<u>തൻവർഷം -ഡി.സി.ബി.</u>

റെസിഡൻഷ്യൽ &നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2521713 | 2277666 | 249934 | 13077 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2521714 | 2277666 | * | 9611 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | *350410101-Advance collection-PT on Res.& Non Res. bldg- | *(5077/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

* 350410101-Advance collection-PT on Res. bldg-എന്ന ഹെഡ്ഡിൽ 16-17 ൽ 139283രൂപയും Prior Period income- Property Tax on Res. Building ( 280100101) എന്ന ഹെഡ്ഡിൽ ജേണൽ വൗച്ചറിട്ട് അഡ്വാൻസിലേക്ക് മാറ്റിയ തുകയായ 73990/- രൂപയും കൂടി തൻവർഷത്തേക്ക് ക്രമീകരിച്ചാൽ പോലും തൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

# <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 <u>രശീതി പരിപാലനത്തിൽ അപാകതകൾ</u>

രശീതി മുഖേന പണം സ്വീകരിക്കുമ്പോൾ രശീതിയിൽ തിയ്യതി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ രശീതി പുസ്തകം 2428 പ്രകാരം സ്വീകരിച്ച ഗുണഭോക്തൃ വിഹിതത്തിൽ 46 മുതൽ 100 വരെയുള്ള രശീതികളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷവും രശീതി പുസ്തകം 6294 ഉപയോഗിച്ച് പണം സ്വീകരിച്ചതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

സർക്കുലർ നമ്പർ 48544/എബി1/13/തസ്വഭവ തിയ്യതി 22.04.2014 പ്രകാരം സാംഖ്യ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തിൽ ഡേ ബുക്ക്, ഫ്രണ്ട് ഓഫീസ് കളക്ഷൻ വിവരങ്ങൾ എന്നിവ അതാത് ദിവസങ്ങളിൽ പ്രിന്റ്, റദ്ദാക്കുന്ന സാംഖ്യ രശീതികൾ, റദ്ദാക്കിയതിന്റെ റിപ്പോർട്ട് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ രേഖകൾ കൃത്യമായി സൂക്ഷിച്ചതായി കാണുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 ബജറ്റ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ വിവരങ്ങളടങ്ങിയ അസസ്മെന്റ് രജിസ്റ്ററുകൾ 2013ന ശേഷം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് 2017-18 ൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി യാതൊരു നടപടികളും സ്വീകരിച്ചതായി രേഖപ്പെടുത്തലുകളില്ല. ജനവരി 15 ന് മുമ്പ് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ മേൽ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകിയിട്ടുണ്ടെങ്കിലും കേ.പ.രാ.നിയമം വകുപ്പ് 214(1എ)(1) പ്രകാരം മാർച്ച് മാസം ആദ്യവാരം പഞ്ചായത്ത് കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. 22/03/2017 ന മാത്രമാണ് ബജറ്റ് അംഗീകരിച്ചിട്ടുള്ളത്. ബജറ്റ് യഥാസമയം റിവൈസ് ചെയ്തിട്ടുണ്ട്.

## 2-3 ഭവനനിധി രൂപീകരിച്ചിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമപഞ്ചായത്ത് നാളിതുവരെ ഭവന നിധി രൂപീകരിച്ചിട്ടില്ല. ഭവനനിധി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്കും പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ബിൽഡിംഗ് പെർമിറ്റ്-അപാകതകൾ

1. GO(P).No.409/2014 സർക്കാർ ഉത്തരവു പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫീസിനോടൊപ്പം താഴെ പറയും പ്രകാരം അധിക ഫീസ് ഈടാക്കിയിരുന്നു.

| പെർമിറ്റ് ഫീ | അധിക ഫീസ് |
|---|---|
| <1000 രൂപ | 50% |
| 1000-10000 | 25% |
| >10000 | 15% |

എന്നാൽ "സങ്കേതം" എന്ന സോഫ്റ്റ് വെയർ വഴി അപേക്ഷ സ്വീകരിച്ച് നൽകിയ പെർമിറ്റുകളിൽ ഇത്തരത്തിലുള്ള അധിക ഫീ കണക്കാക്കിയതായി കാണുന്നില്ല. ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 16 തീയതി.16/10/2018) ലഭ്യമാക്കിയ മറുപടിയിൽ സങ്കേതം സോഫ്റ്റ്വെയറിൽ അധിക ഫീ ഈടാക്കുന്നതിനുള്ള സംവിധാനമില്ലെന്നും നിലവിൽ സോഫ്റ്റ്വെയറിൽ

ജനറേറ്റ് ചെയ്യുന്ന ഫീസ് ആണ് ഈടാക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട് . ഇതു കൂടാതെപെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും സോഫ്റ്റ് വെയറിൽ ആയത് കണക്കാക്കപ്പെടുന്നില്ല. ഇത്തരത്തിലുള്ള ന്യൂനതകൾ പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ടുന്ന തുകയിൽ കുറവു വരുന്നതിന് കാരണമാകുന്നു.

മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

2 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

ശ്രീമതി കുമാരി W/o ബാലൻ എന്നവർക്കു നൽകിയ കെട്ടിട നിർമ്മാണ അനുമതി (നം.103/2017-18)യോടനുബന്ധിച്ച് ഈടാക്കിയ ഫീസിൽ കുറവ് കാണുന്നു

ആകെ തറ വിസ്തീർണം -167.29 ച.മീ

ഈടാക്കേണ്ട പെർമിറ്റ് ഫീ-167.29 x5 = 836.45

ഈടാക്കിയ ഫീസ് - 418

കുറവ് -418 രൂപ

കുറവ് വന്ന 418/- രൂപ ഈടാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണം - ഫീസ് ഈടാക്കിയതിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണത്തോടനുബന്ധിച്ച് രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ വ്യത്യാസം കാണുന്നു.

| പേര് | കെട്ടിട നമ്പർ | ഈടാക്കേണ്ട ഫീ | ഈടാക്കിയത് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| രാജൻ & എൽസി | IV/280A | 14.14x7x3=297 രൂപ | 106 | 191 | വാണിജ്യം |
| മാത്തൻ | IV/323A | 48.42x7x3=1016.82 | 363 | 654 | വാണിജ്യം |
| ആകെ | | | | 845 | |

കുറവ് വന്ന 845/- രൂപ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം,29/16.10.2018)

## 2-6 സഞ്ചയ-സാംഖ്യ സംയോജനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന അപാകതകൾ

വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയറായ സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർത്തിട്ടുണ്ട്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നത് . ആയതിനാൽ രണ്ട് സോഫ്റ്റ് വെയറുകൾ പ്രകാരവും ജനറേറ്റ് ചെയ്യപ്പെടുന്ന നീക്കിയിരുപ്പ് തുകകളിൽ വ്യത്യാസം പാടില്ല. എന്നാൽ വസ്തു നികുതി കുടിശ്ശികനീക്കിയിരുപ്പിലും തൻവർഷ നീക്കിയിരുപ്പിലും സാംഖ്യ സഞ്ചയ സോഫ്ററ് വെയറുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. രണ്ടു സോഫ്റ്റ് വെയറുകളിലേയും ഗണിത ക്രിയകളും കൃത്യമല്ല. (അപാകതകൾ

വിശദമായി അക്കൌണ്ട്സ് അപാകതയായി ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്. )അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളിലെ വസ്തു നികുതി -ഒരു കെട്ടിടത്തിലെ ഓരോ മുറികൾക്കും പ്രത്യേകം നികുതി നിർണ്ണയിച്ചിരിക്കുന്നു-പഞ്ചായത്തിന് ധന നഷ്ടം

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, ഒരേ സമയം വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക്(4-ാം ചട്ടം 1-ാം ഉപചട്ടം) വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമേ അതത് കെട്ടിടഭാഗങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ (2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ്) . ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള കെട്ടിടം ഒരേ ഉപയോഗ ക്രമത്തിലുള്ളതാണെങ്കിൽ ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ഒന്നിലധികം മുറികളുള്ള കെട്ടിടത്തിലെ ഓരോ കടമുറികൾക്കും പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നംപറുകൾ | കെട്ടിട ഉടമയുടെ പേര് | ആകെ തറ വിസ്തീർണം |
|---|---|---|
| VI/308 A മുതൽ 308 H വരെ (12 കടമുറികൾ) | ഇബ്രാഹിം | 309.12 |
| 697 Aമുതൽ 697 H വരെ (19 കടമുറികൾ) | ചിന്നമണി | 542.47 ച.മീ |
| III/123A,III/394 B | ലോറൻസ്.പി.യു | 210.63 ച.മീ |

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

കെട്ടിടം വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതിനാൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ഉയർന്ന നിരക്കിലുള്ള വസ്തുനികുതിക്കു പകരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30 രൂപ/ച.മീ മാത്രമേ നികുതി ഈടാക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇത് പഞ്ചായത്തിന് ധന നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം കെട്ടിടങ്ങൾ പരിശോധിച്ച് ചട്ട പ്രകാരം നികുതി പുനർ നിർണ്ണയിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ കെട്ടിടങ്ങളിൽ ലോറൻസ്.പി.യു എന്നവരുടെ111/394ബി എന്ന കെട്ടിടത്തിന്റെ നമ്പറിങ്ങിനോടനുബന്ധിച്ച ഫയൽ പ്രകാരം കെട്ടിടം പണി 2 ഘട്ടമായി പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ സഞ്ചയയിൽ 111/394ബി യുടെ വസ്തു നികുതി മാത്രം നിർണ്ണയിച്ചതായാണ് കാണുന്നത്. ബന്ധപ്പെട്ട സെക്ഷനോട് അന്വേഷിച്ചപ്പോൾ 111/123 എന്ന നമ്പറിലാണ് ആദ്യ ഘട്ടം പൂർത്തീകരിച്ചതെന്ന് അറിയിച്ചു. എന്നാൽ 17/10/17 ന ഓഡിറ്റ് ഓഫീസർ നടത്തിയ സ്ഥല

പരിശോധനയിൽ 111/394ബി എന്ന കെട്ടിടത്തിനൊപ്പം 111/123 എന്ന നമ്പർ രേഖപ്പെടുത്തിയത് കണ്ടില്ല. ഈ കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസ് -മോട്ടോർ റണ്ണിംഗ് ഫീ കുറവ് ഈടാക്കി.

2017-18 സാമ്പത്തിക വർഷത്തിൽ ശ്രീ. പി.കെ അബൂബക്കർ പുല്ലാനി പറമ്പ്(വീട്) എന്നവർക്ക് അനുവദിച്ചിട്ടുള്ള ഡി&ഒ ലൈസൻസിൽ 54 എച്ച്.പി മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, പട്ടിക-3 പ്രകാരം 1000 രൂപ ഈടാക്കേണ്ടതാണ്. എന്നാൽ പട്ടിക 4 പ്രകാരം 500 രൂപയും, ശ്രീ സാജു എം.ബി എന്നവർക്ക് അനുവദിച്ചിട്ടുള്ള ഡി&ഒ ലൈസൻസിൽ 33 എച്ച്.പി മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, പട്ടിക-3 പ്രകാരം 400 രൂപ ഈടാക്കേണ്ടതാണ്. എന്നാൽ പട്ടിക 4 പ്രകാരം 200 രൂപയുമാണ് ഈടാക്കിട്ടുള്ളത്. ഇപ്രകാരം ആകെ 700 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| പേര്, മേൽവിലാസം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| പി.കെ അബൂബക്കർ, പുല്ലാനിപറമ്പിൽ വീട് | 54 എച്ച്.പി | 1000 | 500 | 500 |
| സാജു എം ബി | 33 എച്ച്.പി | 400 | 200 | 200 |
| | | ആകെ | | 700 |

നഷ്ടം സംഭവിച്ച തുക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഡി&ഒ ലൈസൻസ് ഇല്ലാതെ പെട്രോൾ പമ്പുകൾ പ്രവർത്തിപ്പിക്കുന്നു-ലൈസൻസ് ഫീ, തൊഴിൽ നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിലെ 4, 10 വാർഡുകളിൽ പ്രവർത്തിപ്പിക്കുന്ന പെട്രോൾ പമ്പുകൾ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം എടുത്തിരിക്കേണ്ട ഡി&ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിപ്പിക്കുന്നത്. ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്. തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ.

എ. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

13-ാം പഞ്ചവൽസര പദ്ധതിയും, 2017-18 വാർഷിക പദ്ധതിയും രൂപീകരിക്കുന്നതിന്റെ ഭാഗമായി 9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റ ജി.ഒ.(എം.എസ്) നം.10/2017/ത.സ്വ.ഭ.വ. ഉത്തരവിന്റെ

അടിസ്ഥാനത്തിൽ ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനുവേണ്ടി 10-02-2017 ൽ ആദ്യ യോഗം ചേർന്നു. തുടർന്ന് 10-04-2017, 12-02-2018 തീയതികളിലായി പഞ്ചായത്തിലെ ആസൂത്രണ സമിതി യോഗങ്ങൾ നടന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്ന ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.) പൂർണ്ണമായും പാലിച്ച് കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടുകൾ മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടല്ല തയ്യാറാക്കിയിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഒന്നുംതന്നെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണ സമയ വിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും, അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ ആസൂത്രണ സമിതിയുടെ ചുമതലകൾ കൃത്യമായി പാലിക്കപ്പെട്ടു കാണുന്നില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ട്.

ബി. <u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ പോരായ്മകൾ</u>

ഒരു വർക്കിംഗ് ഗ്രൂപ്പിൽ വേണ്ടത് 10 മുതൽ 15 വരെ അംഗങ്ങളാണ് സർക്കാർ നിർദ്ദേശം. (ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ/9-1-2017). പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളിലും 15 അംഗങ്ങൾ വീതമുണ്ട്. 15 അംഗങ്ങളും പങ്കെടുത്ത വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഒന്നും തന്നെ 2017-18 വർഷത്തിൽ നടന്നിട്ടില്ല. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് കമ്മറ്റി മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് ക്ലോസ് ചെയ്തിട്ടില്ല.

പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റു വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണം എന്നീ വികസന ദൗത്യങ്ങളുമായി പ്രദേശിക പദ്ധതികളെ ഏകോപിപ്പിക്കുനതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക, പദ്ധതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക, മോണിറ്ററിംഗ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഒഴിവാകുക എന്നിങ്ങനെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ പാലിക്കുന്നതായി രേഖകളിൽ നിന്ന് വ്യക്തമല്ല.

സി. <u>സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം.</u>

2017-18 വർഷം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് | യോഗം ചേർന്നതിന്റെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | വികസന സ്റ്റാന്റിംഗ് കമ്മിറ്റി | 8 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 22 |
| 3 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 4 |
| 4 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 4 |

വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ കൃഷി, ചെറുകിട ജലസേചനം, സാമൂഹ്യ വനവൽക്കരണം. പൊതുമരാമത്ത് (പശ്ചാത്തല വികസനം), കെട്ടിട നിർമ്മാണ പെർമിറ്റ്, ഊർജ്ജം, മൃഗസംരക്ഷണവും ക്ഷീര വികസനവും, മത്സ്യ മേഖല എന്നിവയാണ്. കമ്മിറ്റിയുടെ ചുമതലതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ കൃഷി ഓഫീസർ, അസി. എഞ്ചിനീയർ, വെറ്ററിനറി സർജ്ജൻ, ഡയറി ഫാം ഇൻസ്ട്രക്ടർ, ഫിഷറീസ് ഇൻസ്പെക്ടർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ ബജറ്റ് , തനത് വരുമാനങ്ങൾ, പൊതുഭരണം, രസീത് പരിശോധന എന്നിവയാണ്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും, വരവ് ചെലവുകളും നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, ബജറ്റിനനുസരിച്ച് വരവ് ചെലവുകൾക്രമീകരിക്കുക, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ധനസ്രോതസ്സ് വരുമാനം കണ്ടെത്തുക എന്നിവ ടി കമ്മറ്റിയുടെ ഉത്തരവാദിത്തമാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാമൂഹ്യക്ഷേമം, വനിതാ വികസനം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ICDS സൂപ്പർവൈസർ, വി.ഇ.ഒ, അസി. സെക്രട്ടറി എന്നിവരാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാന്ത്വന പരിചരണം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ HM, മെഡിക്കൽ ഓഫീസർമാർ എന്നിവരാണ്.

നിയമത്തിന്റെയും, ചട്ടങ്ങളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും.

## 3-2 പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയില്ല.

1. 27-12-2017 തീയതിയിലെ 7ാം നമ്പർ തീരുമാനം.

ഗ്രാമപഞ്ചായത്തിലെ അരുവായ് പാടശേഖരത്തിലെ വിവിധ കൃഷി നിലങ്ങളിലേക്ക് വരുന്നതും സഞ്ചാര യോഗ്യമുള്ള പൊതുവഴിയും കുളവും നീർച്ചാലുകളും നിരവധി വ്യക്തികൾ കൈവശപ്പെടുത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ടി, പുറംപോക്ക് കൈയ്യേറ്റം പരാതി സംബന്ധിച്ച് വില്ലേജ്

ഓഫീസിൽ നിന്ന് ക്ലാരിഫിക്കേഷൻ നാളിതുവരെ ലഭ്യമായിട്ടില്ല. ക്ലാരിഫിക്കേഷൻ ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 06-02-2018 തീയതിയിലെ 16 ാം നമ്പർ തീരുമാനം.

പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് കൈക്കൊണ്ട തീരുമാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. മുഴവൻ വാർഡുകളിലേയും പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 1,33,000/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.

സംയുക്ത പരിശോധന പൂർത്തിയാക്കി പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കുകയും, ഇല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഇതോടൊപ്പം തെരുവു വിളക്കുകളുടെയും സംയുക്ത പരിശോധന പൂർത്തീകരിച്ച് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

എ) സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെച്ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ നം,തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| S089/18 – ആശ്രയ ഭവനപുനരുദ്ധാരണത്തിന് മെമ്പർ സെക്രട്ടറിക്ക് തുക നൽകൽ | 35/23.01.18 -100000 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ |
| S101/18- ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്ററിന് വിഹിതം | 20/14.9.17-50000 | ജില്ലാ പഞ്ചായത്ത് |
| S092/18-ബ്ലഡ്ബാങ്ക് വിഹിതം | 21/14.9.17--50000<br>25/23.10.17--50000 | ജില്ലാ പഞ്ചായത്ത് |
| S088/18-ABC പ്രോഗ്രാം | 19/14.9.17--75000 | ജില്ലാ പഞ്ചായത്ത് |
| S006/18-49 നം അംഗൻവാടി നിർമ്മാണം -ബ്ലോക്കിന് വിഹിതം നൽകൽ | 11/10.8.17--200000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് (വിശദമായ പ്രോജക്റ്റ്,കരാർ എന്നിവ ഇല്ല.) |
| S179/18-വട്ടക്കായൽ കോലിപ്പാടം തരിശുരഹിതകൃഷി പ്രോൽസാഹനം | 54/8.3.18--100000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് (വിശദമായ പ്രോജക്റ്റ്, കരാർ |

| | | |
|---|---|---|
| | | എന്നിവ ഇല്ല.) |
| S188/18-അരുവായി നടുമുറി കുടിവെള്ള പദ്ധതി | 30/17-18/ 31.10.17-500000 | ഭൂജലവകുപ്പ്,തൃശ്ശൂർ |

വിനിയോഗവിവരം ലഭ്യമാകുന്നതുവരെ 11,25,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ബി)അസിസ്റ്റന്റ് സെക്രട്ടറിനിർവ്വഹണോദ്യോഗസ്ഥനായുള്ള താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ നമ്പർ/തുക | ഏജൻസി |
|---|---|---|
| പ്രോജക്ട് നം. 185/17-18 കിഴക്കുമുറി കരിമ്പന ലക്ഷം വീട് കോളനി,കുടിവെള്ള പദ്ധതി | ബിൽ നം-11/17-18 തിയ്യതി- 31-10-17, 500000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് |
| പ്രോജക്ട്നം.186/17-18വെളിയത്ത് റോഡ് കോളനി കുടിവെള്ള പദ്ധതി | ബിൽ നം-12/17-18 തിയ്യതി- 31-10-17, 500000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് |

വിനിയോഗസാക്ഷ്യപത്രത്തിൻെറ അഭാവത്തിൽ ചെലവ് തുക 1000000 രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 3-4 ഭൂജലവകുപ്പിന് അധികം തുക നൽകിയത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഭൂജലവകുപ്പിന് 4കുടിവെള്ള പദ്ധതികളുടെ ഭൂജലസർവേക്കായി 7000രൂപ ഡിഡി നം. 210312/18.8.17(TDCB,പഴഞ്ഞി) നൽകിയിട്ടുണ്ട്.

1.ജെ.പി.എസ്.കുടിവെള്ള പദ്ധതി

2.അരുവായി നടുമുറികുടിവെള്ള പദ്ധതി

3.വെളിയത്ത് റോഡ് കുടിവെള്ള പദ്ധതി

4.കിഴക്കുമുറി ലക്ഷം വീട് കുടിവെള്ള പദ്ധതി

എന്നാൽ ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റിൽ ഈ തുക കൂടി ഉൾപ്പെടുന്നുണ്ട്.

ഇതിൽ ആദ്യത്തെ പദ്ധതി ഉപേക്ഷിച്ചു.മറ്റ് പദ്ധതികൾക്ക് ഡെപ്പോസിറ്റായി ഭൂജലവകുപ്പിന് തുക നൽകിയിട്ടുണ്ട്.

| പദ്ധതി | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| S188/18-അരുവായി നട്ടുമുറികുടിവെള്ള പദ്ധതി | സെക്രട്ടറി | 30/17-18/ 31.10.17 | 500000 |
| S185/18 കിഴക്കുമുറി ലക്ഷം വീട് കുടിവെള്ള പദ്ധതി | അസിസ്റ്റന്റ് സെക്രട്ടറി | 11/17-18/ 31.10.17 | 500000 |
| S186/18 വെളിയത്ത് റോഡ് കുടിവെള്ള പദ്ധതി | അസിസ്റ്റന്റ് സെക്രട്ടറി | 12/17-18/ 31.10.17 | 500000 |

ഒരേ ആവശ്യത്തിനായി രണ്ടു രീതിയിൽ തുക അടവാക്കിയിട്ടുണ്ട്. ഇപ്രകാരം അധികം അടവാക്കിയ 7000 രൂപ തിരികെ ഭൂജലവകുപ്പിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 ആദായനികുതി ഈടാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ സിഎഫ്എൽ വ്യാപനം(S005/18) എന്ന പദ്ധതിക്കായി ബിൽ നം.18/17-18 /14.9.17 പ്രകാരം 4,82,630/- രൂപ എഡിസൺ ഇലക്ട്രോണിക്സ്, എറണാകുളം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിലും, പ്രകാശിക്കാത്ത ട്യൂബുകൾക്ക് പകരം 289 സിഎഫ്എൽ സ്ഥാപിക്കുന്നതിന് സാധനവില, ഇൻസ്റ്റാലേഷൻ, സൂപ്പർവിഷൻ എന്നിവയടക്കമുള്ള തുകയാണ് നൽകിയിട്ടുള്ളത്. നൽകിയ തുകയിൽ നിന്ന് ആദായനികുതി 1961 ലെ ആദായനികുതി നിയമം വകുപ്പ് 194(സി) പ്രകാരം 48,261/- രൂപ ഈടാക്കിയിട്ടില്ല. ആദായനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഓരോ ഇനങ്ങൾക്കും പ്രത്യേകം പേജ് നമ്പർ ചേർത്ത് സപ്ലൈചെയ്ത സ്ഥാപനത്തിന്റെ ബിൽ നം., തീയതി എന്നിവ ചേർക്കുന്നില്ല. വിതരണവിവരം കൃത്യമായി ചേർക്കുന്നില്ല. ഓരോ ഇനങ്ങൾ വാങ്ങുമ്പോൾ ബിൽ നം.,തീയതി എന്നിവ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വിതരണം ചെയ്യുമ്പോൾ കൈപ്പറ്റിയ വ്യക്തിയുടെ രസീത് വേണ്ടതാണ്. സ്റ്റോക്കിന്റെ മൂല്യം കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-7 കറവപ്പശു വളർത്തൽ പദ്ധതി-- അപാകതകൾ

S021/18- കറവപ്പശു വളർത്തൽ

ബിൽ നം.-GP 01/17-18/28.6.17-- 60000

മേൽ പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം നൽകിയിട്ടുണ്ട്. – വിവരം ചുവടെ ചേർക്കുന്നു.

1.ജിഷ.കെ.എസ്,കണ്ടംപുള്ളി

2.ബീന മനോജ്,പണ്ടാരപറമ്പിൽ

3. വൽസല തമ്പി,പുലാക്കൽ

4.ഉഷ വിജയൻ,കൊടക്കാട്ടിൽ

5. ഷിനി മഹേഷ്,ചെരപ്പറമ്പിൽ

6.സൗഭാഗ്യ ശിവൻ,മേലെയിൽ

വെറ്ററിനറി സർജൻ നടപ്പിലാക്കിയ കറവപ്പശു വളർത്തൽ പദ്ധതി വായ്പാബന്ധിതമായിരുന്നു. എന്നാൽ ഇവർക്കാർക്കും തന്നെ ബാങ്ക് ലോൺ ലഭിച്ചതിന്റെ വിവരം ഇല്ല. ലോൺ ലഭിക്കാതെ തന്നെ സബ്സിഡി നൽകിയതിന് കാരണം വ്യക്തമല്ല.

2.S102/18- കറവപ്പശു വളർത്തൽ-- വനിത

GP2/17-18/27.1.18-- 100000

GP7/17-18/27.2.18–60000

GP9/17-18/15.3.18-- 100000

GP14/17-18/26.3.18--40000

വായ്പാബന്ധിതമായ ഈ പദ്ധതിയിൽ താഴെച്ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതായി കാണുന്നില്ല.

മോളി ശീമോൻ, ഫാത്തിമ ആനപ്പറമ്പിൽ, സുനിത മുതിരമ്പറമ്പത്ത്, പ്രേമ മേനോത്ത് എന്നിവർക്ക് പ്രൊവിഷണലായി അനുവദിക്കാൻ തീരുമാനിച്ചതായി ബാങ്ക് അധികൃതർ അറിയിച്ചു.ആയതിൽ തുകയുടെ വിവരം ഇല്ല.

ഒരേ വ്യക്തി തന്നെ ഗുണഭോക്താവായും, സപ്ലൈയറായും കാണുന്നു.

| പദ്ധതി | ഗുണഭോക്താവ് | സപ്ലൈയർ |
|---|---|---|
| S021/18-കറവപ്പശു വളർത്തൽ | സൗഭാഗ്യ ശിവൻ, മേലെയിൽ | മിനി സുരേഷ്, ശാരദാലയം |
| S102/18-കറവപ്പശു വളർത്തൽ(വനിത) | ഉഷ ദാസൻ, മേലെയിൽ | സൗഭാഗ്യ ശിവൻ, മേലെയിൽ |
| S102/18കറവപ്പശു വളർത്തൽ(വനിത) | മായ.എം.പി, കണ്ടംപുള്ളി | സൗരാജൻ, മുതിരംപറമ്പത്ത് |
| S102/18കറവപ്പശു വളർത്തൽ(വനിത) | അമ്പിളിസൗരാജൻ, മുതിരംപറമ്പത്ത് | കോമളം കെ കെ കാട്ടുകുളങ്ങര |

തുക കൈപ്പറ്റിയതിന് ബാങ്ക് കൈപ്പറ്റ് രസീതിയോ, ലോൺ അക്കൗണ്ടിൽ വരവ് വച്ചതിന്റെ രേഖയോ ഹാജരാക്കിയിട്ടില്ല. സബ്സിഡി തുക കൈമാറിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ബാങ്ക് ലോൺ അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാത്രമല്ല ഗുണഭോക്താക്കൾ വായ്പാ തിരിച്ചടക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഒരേ വ്യക്തി തന്നെ ഗുണഭോക്താവായും, സപ്ലൈയറായും ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നതിനാൽ പദ്ധതി നടത്തിപ്പിലെ കൃത്യത സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്.

## 3-8 അടുക്കളമുറ്റത്തെ കോഴി വളർത്തൽ - അപാകതകൾ

താഴെപറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ആര്യ ഫാം, ചുവാന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ വാങ്ങി. എന്നാൽ സ്ഥാപനവുമായി കോഴിക്കുഞ്ഞുങ്ങളെ ഏത്

നിരക്കിൽ സപ്ലൈ ചെയ്യും എന്ന കരാർ ഇല്ല. തീയതി ഇല്ലാത്ത ഒരു ടാക്സ് ഇൻവോയ്സ് മാത്രമാണ് സ്ഥാപനം ഹാജരാക്കിയത്. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ വിവരമോ, ആർക്കാണ് സപ്ലൈ ചെയ്യുന്നതെന്ന വിവരമോ ടാക്സ് ഇൻവോയ്സിൽ ഇല്ല.

| പദ്ധതി | ബിൽ നം,തുക |
|---|---|
| S112/18- അടുക്കള മുറ്റത്തെ കോഴിവളർത്തൽ - വനിത | GP16/17-18/28.3.18-3025/-<br>GP11/17-18/15.3.18-7260/-<br>GP18/17-18/28.3.18-9680/- |
| S110/18 - അടുക്കള മുറ്റത്തെ കോഴിവളർത്തൽ - വനിത(എസ് സി) | GP10/17-18/15.3.18-40470/-<br>GP17/17-18/28.3.18-14200/-<br>GP15/17-18/28.3.18-16685/- |

മേൽപറഞ്ഞ അപാകതകൾ സംഭവിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 3-9 ഒറിജിനൽ ഡെപ്പോസിറ്റ് രസീതികൾ ഫയലിൽ സൂക്ഷിക്കുന്നു

സെക്രട്ടറി, വെറ്ററിനറി സർജൻ എന്നിവർ നടപ്പാക്കിയ പ്രോജക്ടിന്റെ ഭാഗമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ലഭിക്കുന്ന ഡെപ്പോസിറ്റ്, രസീതികളുടെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. .

| പദ്ധതി | നിർവഹണ ഉദ്യോഗസ്ഥൻ | സ്ഥാപനങ്ങൾ | രസിതിന്റെ വിവരം |
|---|---|---|---|
| S005/18-സിഎഫ്എൽ വ്യാപനം- | സെക്രട്ടറി | എഡിസൺഇലക്ട്രോണിക്സ് | 25000 രൂപയുടെ ടേംഡെപ്പോസിറ്റ്-SBT തൃപ്പൂണിത്തുറ(10000&15000) |
| S204/18-പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ | സെക്രട്ടറി | വിശ്വാസ് കമ്പ്യൂട്ടേഴ്സ് | 3850രൂപയുടെ ടേംഡെപ്പോസിറ്റ് യൂകോ ബാങ്ക് |
| | സെക്രട്ടറി | മൈക്രോ കമ്പ്യൂട്ടേഴ്സ് | 3850രൂപയുടെ ടേംഡെപ്പോസിറ്റ് /യൂ കോ ബാങ്ക് |
| S007/18-ജനറേറ്റർ വാങ്ങൽ | സെക്രട്ടറി | പവർ കെയർ സെയിൽസ്ആന്റ് സർവീസ്,കൊച്ചി | യൂണിയൻ ബാങ്കിന്റെ 20000രൂപയുടെ ഡെപ്പോസിറ്റ് രസീത് |
| S208/18- എസ് സി ഫ്ലാറ്റ് വൈദ്യുതീകരണം | സെക്രട്ടറി | N K Antony | 7500രൂപയുടെ ഡെപ്പോസിറ്റ് രസീത് SBI ചേലക്കര |
| S111/18-തെരുവുവിളക്ക് പരിപാലനം | സെക്രട്ടറി | അബ്ദുൾജലീൽ | 20000രൂപയുടെ തൃത്താല സർവീസ് സഹകരണബാങ്കിന്റെ രസീത് |

| | | | |
|---|---|---|---|
| S106/18 മൃഗാശുപത്രിയിലേക്ക് മരുന്ന വാങ്ങൽ | വെറ്ററിനറി സർജൻ | വിഷ്ണ മെഡിക്കൽസ് | 2000 രൂപയുടെ ഡെപ്പോസിറ്റ് രസീതി(SIB,തൃശ്ശൂർ) |

ഓഡിറ്റ് എൻക്വയറി 11/11.10.2018 നൽകിയതിനെ തുടർന്ന് ഡെപ്പോസിറ്റ് രസീതികൾ ഫയലിൽ നിന്ന് മാറ്റിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 33(2),(3)ഡെപ്പോസിറ്റ് രസീതികളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രസീതികൾ ലഭിക്കുമ്പോഴും ആയത് തിരികെ നൽകുമ്പോഴും വേണ്ട വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-10 ആസ്തി രജിസ്റ്ററിലെ വിവരണങ്ങളിൽ കൃത്യതയില്ല

പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള നീളം, സർഫസ് ടൈപ്പ് തുടങ്ങിയ വിവരങ്ങളും വർക്ക് ഫയലിലെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളും തമ്മിൽ വ്യത്യാസം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| റോഡിന്റെ പേര് | ആസ്തി രജിസ്റ്ററിലെ വിശദാംശങ്ങൾ | | എസ്റ്റിമേറ്റ് റിപ്പോർട്ടിലെ വിശദാംശങ്ങൾ | | ചെയ്ത പ്രവൃത്തി |
|---|---|---|---|---|---|
| | നീളം | അവസ്ഥ | നീളം | അവസ്ഥ | |
| കൈതവളപ്പ് റോഡ് | 450m | ടാർ റോഡ് | 300m | ടാർ റോഡ് | 300mറീടാറിംഗ് |
| പാലാട്ടുമുറി മാക്കുണ്ണി റോഡ് | 350m | ടാർ റോഡ് | 215m | ടാർ റോഡ് | 215mറീടാറിംഗ് |
| ശാസ്താ റോഡ് | 300m | ,, | 224m | ടാർ റോഡ് | 224m റീടാറിംഗ് |

2017-18 വർഷം പ്രവൃത്തി നടത്തിയിട്ടുള്ള മിക്കവാറും എല്ലാ റോഡുകളെ സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ടിലെ വിവരവും ആസ്തി രജിസ്റ്ററിലെ വിവരണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

(എ) പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | നടപ്പാക്കിയ പ്രോജക്ടിന്റെ ശതമാനം |
|---|---|---|---|
| എണ്ണം | 83 | 49 | 59.04 |
| തുക | 281.8672 ലക്ഷം | 143.337ലക്ഷം | 50.85 |

(ബി) റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള

മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും കാട്ടകാമ്പാൽ പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-12 ഭാഗികമായി റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു

പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് നടപ്പാക്കുന്നതിനുപകരം ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു. മുൻ വർഷങ്ങളിൽ ഫസ്റ്റ് മെറ്റലിംഗ് (സോളിംഗ്) മാത്രമായി ചെയ്ത് നിർത്തിയ റോഡുകളിൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തിയപ്പോൾ, ആദ്യ മെറ്റലിംഗിന്റെ മെറ്റൽ പലയിടത്തും ഇളകിപ്പൊയ്യുഴിഞ്ഞിട്ടുള്ളതിനാൽ റീ സോളിംഗ്/പാച്ച് സോളിങ്ങ് ഇനത്തിൽ തുക ചെലവു വന്നതായി കാണപ്പെടുന്നു. കൂടാതെ സോളിംഗ് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തുന്നതായും കാണുന്നു. ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടത്തിയ ഇത്തരത്തിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റീ സോളിംഗ്/പാച്ച് സോളിങ്ങ് പ്രവൃത്തികൾ ആവശ്യമായിവന്ന പ്രൊജക്ടുകൾ

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഇനം 1-WMM-ൽ Soling patches ചെയ്തതിന്റെ അളവ് | എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഫസ്റ്റ് മെറ്റലിംഗ്(സോളിംഗ്) നടത്തിയത് |
|---|---|---|
| മങ്കടത്താഴം റോഡ് മെറ്റലിംഗ്, ടാറിംഗ്പ്രോജക്ട് നമ്പർ 203/18അടങ്കൽ - 1,20,000/-ചെലവ് - 1,19,575/-ബിൽ നമ്പർ 45/17-18 /28-3-2018 | $20.475m^3$ x $2984.87/m^3$ 61115.21 | ഏത് വർഷമാണ് ചെയ്തതെന്ന് വ്യക്തമാക്കുക |
| പാലാട്ടുമുറി പനങ്ങായി റോഡ് മെറ്റലിംഗ്,ടാറിംഗ്പ്രോജക്ട് നമ്പർ 43/18അടങ്കൽ - 2,65,000/-ചെലവ് - 2,62,461/-ബിൽ നമ്പർ 48/17-18/28-3-2018 | 40.74 $m^3$ x $2980.51/m^3$ 121425.98 | ഏത് വർഷമാണ് ചെയ്തതെന്ന് വ്യക്തമാക്കുക |

സോളിംഗ് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പി.കെ.അവന്യൂ റോഡ്
പ്രോജക്ട് നമ്പർ 60/18

അടങ്കൽ - 2,00,000/-

ചെലവ് - 1,96,572/-

ബിൽ നമ്പർ 07 & 08/17-18/31-08-2017

ഇപ്രകാരം ഭാഗികമായി പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനാൽ റീ സോളിംഗ്/പാച്ച് സോളിങ്ങ് ഇനത്തിൽ അധികചെലവ് വരുന്നതിനും തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതിനും കാരണമാകും. ഒരു റോഡ് മുഴുവനായും സഞ്ചാര യോഗ്യമാകത്തക്ക വിധത്തിൽ ടാറിംഗ് ഉൾപ്പെടെയുള്ള എല്ലാ പണികളും പൂർണ്ണമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്യുന്നതിനു പകരം ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്കിവിറ്റി ഭൂപടം ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതി പ്രവർത്തനങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എത്രയും വേഗം റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ പദ്ധതിപണം പങ്കുവെക്കുന്നതിനു പകരം വ്യക്തമായ ലക്ഷ്യബോധത്തോടെ പദ്ധതികൾ ആസൂത്രണം നടത്തേണ്ടതുമാണ്.

## 3-13 കണ്ടിരുത്തി റോഡ് -മെറ്റലിംഗ്, ടാറിംഗ് - നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നമ്പർ - 57/18

നിർവ്വഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അളവു പുസ്തകം - 12/17-18

അടങ്കൽ തുക – 4,52,000/-

കരാറുകാരൻ - കെ.പി. കുഞ്ഞുമോൻ ഹാജി

എഗ്രിമെന്റ് നമ്പർ - 37/AE/LSGD/KTKPL/2016-17 dated 28-03-17

ട്രഷറി ബിൽ നമ്പർ 28/17-18 dt. 21-03-18.

ചെലവ് തുക - 4,16,895/- രൂപ

മേൽ പറഞ്ഞ പ്രവൃത്തിക്ക് കരാർ ലഭിച്ച കരാറുകാരന് പ്രവൃത്തി ആരംഭിക്കുന്നതിനായി 28-03-2017 ന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 6 മാസമാണ്. എന്നാൽ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 01-03-2018 നാണ്. (അളവു പുസ്തകം 12/17-18 പേജ് 15) നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ കാലാവധി നീട്ടിക്കിട്ടുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ഉറപ്പുവരുത്തേണ്ടതാണ്. ആയത് ഫയലിൽ ലഭ്യമായില്ല. കമ്മറ്റി അംഗീകാരമില്ലാതെ പ്രവൃത്തി പൂർത്തീകരണം നീണ്ടു പോകുന്ന സംഗതികളിൽ പിഴ പലിശ ചുമത്താൻ കരാറിൽ വ്യവസ്ഥയുള്ളതിനാൽ ഇക്കാര്യത്തിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണണ്ടതുമാണ്.

## 3-14 തനത് വരുമാനം കുറവായ അവസ്ഥയിൽ തനത് ഫണ്ട് ഉപയോഗിച്ച് റോഡ് ടാറിംഗ് പ്രവൃത്തി ചെയ്തു

പ്രോജക്റ്റ് നമ്പർ - 57/18

പ്രോജക്റ്റിന്റെ പേര് - കൈതവളപ്പ് സബ് റോഡ് ടാറിംഗ്

നിർവ്വഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അളവ് പുസ്തകം - 7/16-17

അടങ്കൽ തുക – 2,85,000/-

കരാറുകാരൻ - പി. കെ. ബാബു

എഗ്രിമെന്റ് നമ്പർ - 23/AE/LSGD/KTKPL/2016-17 dated 17-01-18.

ചെലവ് തുക - 2,80,512/- രൂപ

മേൽ പറഞ്ഞ റോഡ് പ്രവൃത്തിക്കായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. അളവു പുസ്തകം 7/16-17 പേജ് 25, പഞ്ചായത്തിന്റെ ചെലവ് വൗച്ചർ നമ്പർ 21700/ട്രഷറി എസ്.ബി തനത് ഫണ്ട്, ചെക്ക് നമ്പർ 9836501 തീയതി 2-3-2018 എന്നിവ പ്രകാരമാണ് തുക അനുവദിച്ചത്.

മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ നടപ്പ് വർഷം ആകെ 1,17,57,788/- രൂപ (സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ) അനുബന്ധം IV പ്രകാരം വകയിരുത്തിയിട്ടുള്ളതാണ്. മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കുറവായ അവസ്ഥയും നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ റോഡ് നിർമ്മാണ പ്രവൃത്തിക്കായി തനത് ഫണ്ട് വകയിരുത്താൻ തീരുമാനം എടുത്തതിന്റെ അനൗചിത്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 റോഡ് പ്രവൃത്തികൾ - ബിറ്റുമിൻ കാലി ബാരൽ വില ബില്ലിൽ നിന്നു കുറവു വരുത്താത്തത് സംബന്ധിച്ച്.

2017-18 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ റോഡ് ടാറിംഗ്, റീ ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ, ബിറ്റുമിൻ കാലി ബാരലിന്റെ വില കുറവു വരുത്താതെ കരാറുകാരന് തുക അനുവദിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ബിൽ നം. തുക | ബിറ്റുമിൻ ഉപയുക്തത | അളവ് പുസ്തകം | കരാറുകാരൻ |
|---|---|---|---|---|
| SO149/18<br>കോട്ടോൽ മദ്രസ്സ റോഡ് ടാറിംഗ് | 33/17-18, dt. 24-3-18<br>5,31,000/- | 1729.49 kg | 21/17-18<br>page 19 | സി.കെ.മൊയ്തീൻകുട്ടി |
| SO201/18<br>സെന്റ് മേരീസ് റോഡ് ടാറിംഗ് | 35, 36/17-18<br>24-3-18<br>4,98,738/- | 3778.67 kg | 34/17-18<br>page 16 | പി.കെ.ബാബു |
| SO170/18<br>എസ്.സി.ഫ്ളാറ്റ് റോഡ് റീ | 33/17-18<br>24-3-18<br>4,61,891/- | 2716.20 kg | 16/17-18<br>page 19 | പി.കെ.ബാബു |

| | | | | |
|---|---|---|---|---|
| ടാറിംഗ് | | | | |
| SO34/18<br>പത്തങ്ങാടി അരുവായ് റോഡ് റീ ടാറിംഗ് | 32/17-18<br>21-3-18<br>4,98,331/- | 4159.80 kg | 13/17-18<br>page 20 | കെ.പി.കുഞ്ഞിമോൻ ഹാജി |

അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരമുള്ള ബിറ്റുമിൻ ഉപയുക്തതക്കനുസൃതമായ വിധത്തിൽ കണക്കാക്കാവുന്ന കാലി ബാരലുകളുടെ വില ബിൽ തുകയിൽ കുറവു വരുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഇപ്രകാരം തുക കുറവു വരുത്താതെ ഫൈനൽ ബിൽ അനുവദിച്ച മുഴുവൻ കരാറുകാരിൽ നിന്നും തുക ഈടാക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതുമാണ്.

# 3-16 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

എ) പദ്ധതി നം SO083/18-പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2)പദ്ധതിയുടെ ഭാഗമായി സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് പാലിയേറ്റീവ് കെയർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3)ബിൽ നം 11 തീയതി 28/03/2018 പ്രകാരം 53000 രൂപയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതമായി 350000 രൂപയും മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു കൈമാറിയിട്ടുണ്ട്. ആയതിൽ യഥാക്രമം 19993 രൂപയുടേയും 27988 രൂപയുടേയും മരുന്നുകൾ ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പദ്ധതി നം SO084/18- രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ശാക്തീകരണവും തുടർ പ്രവർത്തനങ്ങളും .

ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായി നടക്കുന്ന രോഗ പ്രതിരോധ പ്രവർത്തനങ്ങളോടനുബന്ധിച്ച വാഹന വാടക നൽകുന്നതിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചിരിക്കുന്നു.

| ക്രമ നം. | തീയതി | പ്രവർത്തനങ്ങളുടെ വിവരം |
|---|---|---|
| 1 | 22.10.2017 | വിവിധ ഭാഗങ്ങളിൽ വികലാംഗ സർട്ടിഫിക്കറ്റിനെ കുറിച്ച് അന്വേഷണം |
| 2 | 25.10.2017 | വിവിധ ഭാഗങ്ങളിൽ വികലാംഗ സർട്ടിഫിക്കറ്റിനെ കുറിച്ച് അന്വേഷണം |
| 3 | 28.10.2017 | വിവിധ ഭാഗങ്ങളിൽ വികലാംഗ സർട്ടിഫിക്കറ്റിനെ കുറിച്ച് അന്വേഷണം |

| | | |
|---|---|---|
| 4 | 05.12.2017 | ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ |
| 5 | 05.02.2018 | ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ |

ഇപ്രകാരം 5x600-3000 രൂപ പദ്ധതി നിബന്ധനങ്ങളിൽ നിന്നും വ്യതിചലിച്ച് ചെലവഴിച്ചിരിക്കുന്നു. പദ്ധതി നിബന്ധനങ്ങളിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 3000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-17 ഹെഡ് മാസ്റ്റർ നടപ്പാക്കിയ വിവിധ പദ്ധതികൾ-അപാകതകൾ

ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പെങ്ങാമുക്ക് നടപ്പാക്കിയ വിവിധ പദ്ധതികളിൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകിയതായി കാണുന്നു. ഇവർക്കുവേണ്ടി വിവിധ പദ്ധതികളിലായി ചെലവഴിച്ച 17393/- ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ട്രഷറി ബിൽ നം./ തീയതി/ തുക | ഗുണഭോക്താവിന്റെ പേര് | ചെലവുതുക |
|---|---|---|---|---|
| 1 | S0091/18-വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ | 9/15.03.18 29,606/- രൂപ | യുവജന വായനശാല പെങ്ങാമുക്ക് | 5922/- |
| 2 | S00214/18-എസ്.സി വിഭാഗത്തിൽ പെട്ട 10ാം ക്ലാസ് വിദ്യാർത്ഥികൾക്ക്സൈക്കിൾ വിതരണം | 10/29.03.18 178228/- രൂപ | കൃഷ്ണ (അച്ഛന്റെ പേര് മുരളി) | 4196/- |
| 3 | S0026/18-8ാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 1/25.07.17 152760/- രൂപ | കൃഷ്ണ(അച്ഛന്റെപേര് ജ്യോതിഷ് കുമാർ), ജിനിൽ പി.എസ്(അച്ഛന്റെപേര് ശശിധരൻ) | 3706/- 3569/- |
| ആകെ | | | | 17393 |

## 3-18 ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 30.06.2007 ലെ ജി.ഒ (എം.എസ്)170/07 ത.സ്വ.ഭ.വ നം. ഉത്തരവിലെ താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

1) ലോഗ് ബുക്കിലെ ഫ്യുവൽ അക്കൗണ്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

2) വാഹനം ഉപയോഗിച്ച ജനപ്രതിനിധി / ജീവനക്കാരൻ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് ലോഗ്ബുക്ക് കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

## 3-19 ഐ സി ഡി എസ് സൂപ്പർവൈസർ

## നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി അപാകത

പ്രോജക്ട് നം – 183/17-18(New)

പ്രോജക്ടിൻെറ പേര് – വിധവകളുടെ പെൺമക്കൾക്ക് ധനസഹായം.

ബിൽ നം -7/17-18 തിയ്യതി 31-3-18

ബിൽ തുക-150000

മേൽ പദ്ധതി പ്രകാരം ഷീജ ശശിധരൻ, ഓടേരി ഹൗസ്, പഴഞ്ഞി, വാർഡ് നം-11എന്നവർക്ക് വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. അപേക്ഷയ്ക്കൊപ്പം ലഭ്യമാക്കിയിരിയ്ക്കുന്ന മാര്യേജ് സർട്ടിഫിക്കറ്റ് പ്രകാരം വിവാഹ തിയ്യതി 18-1-17 എന്നാണ്. പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(എം എസ്) നം 80/17/ത സ്വ ഭ വ . തിയ്യതി 3-4-17 പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 50000 രൂപ അനുവദിയ്ക്കാവുന്നതാണ്. മേൽ പറഞ്ഞ സർക്കാർ ഉത്തരവിന് പ്രാബല്യ തിയ്യതി സ്പഷ്ടമാക്കിയിട്ടില്ലാത്തതിനാൽ ഉത്തരവു തിയ്യതി തന്നെയാണ് പ്രാബല്യ തിയ്യതി. ആയതിനാൽ 3-4-17- മുതൽക്കുള്ള വിവാഹങ്ങൾക്കാണ് മേൽ പറഞ്ഞ പ്രകാരമുള്ള തുക അനുവദിയ്ക്കാവുന്നത്. അതിനു മുമ്പുള്ള വിവാഹങ്ങൾക്ക് 30,000/- രൂപയ്ക്കു മാത്രമാണ് അർഹത. മേൽ പ്രതിപാദിച്ച ചെലവ് മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാത്തതിനാൽ 20,000/- രൂപ നിരാകരിയ്ക്കുന്നു.

# 3-20 അങ്കണവാടി പൂരക പോഷകാഹാരം കേന്ദ്ര വിഹിതം- ബാലൻസ് തുക വിനിയോഗിച്ചിട്ടില്ല.

അങ്കണവാടി പോഷകാഹാരം പദ്ധതികൾക്കായി വിവിധ വർഷങ്ങളിലായി കേന്ദ്രവിഹിതം ലഭിച്ച തുകയിൽ 349239 രൂപ ബാലൻസുണ്ട്. ആയത് സ.ഉ നം 39033/ഡി സി.2/2010 തസ്വഭവ 3-9-2010 ന് വിധേയമായി ഉപയോഗിയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-21 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം.

2017-18 വർഷത്തെ തൊഴിലുറപ്പു പദ്ധതിയുമായ ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ - 3906

2.2017-18 തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം -718

3. ആകെ മനുഷ്യ ദിനം - 40157, (സ്ത്രീ – 38847, പുരുഷൻ – 1310)
പട്ടിക ജാതി – 13087, പട്ടിക വർഗം – 0, മറ്റുള്ളവർ – 27070

4. നൂറു ദിവസം തികച്ച കുടുംബങ്ങളുടെ എണ്ണം - 93
5. A.S കിട്ടിയ പ്രോജക്ടുകളുടെ അടങ്കൽ - 76373400/- രൂപ
6. 2017-18 വർഷത്തെ മുൻ ബാക്കി – 3950 രൂപ

7.2017-18 വർഷത്തെ ആകെ വരവ് – 1,25,18,208/-
8.2017-18 വർഷത്തെ ആകെ ചെലവ് - 1,25,20,057/-
9.2017-18 വർഷത്തെ വർഷാന്ത്യ നീക്കിയിരുപ്പ്- 2101/- രൂപ

10.2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം -201

11.2017-18 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം -146

12.പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടില്ല.

13.പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത തൊഴിൽ വേതനത്തിന്റെ വിവരം – 10060473/- രൂപ

14.പദ്ധതി പ്രകാരം 2017-18 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്ഥികളുടെ വിവരം – 83 എണ്ണം

15. 1,2 ഘട്ടങ്ങളിലെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

100 ദിവസത്തെ തൊഴിൽ 93 കുടുംബത്തിന് മാത്രമാണ് ലഭിച്ചു കാണുന്നത്. ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കുടുംബങ്ങളിലേക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുംവിധം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി | 100000 | 0 |
| „ | „ | 200000 | അനുപൂരക പോഷകാഹാരം | 200000 | 0 |
| „ | „ | 150000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| „ | „ | 100000 | കേൾവി ശക്തി കുറഞ്ഞവർക്ക് ശ്രുവണസഹായി | 23444 | 76556 |
| „ | „ | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| „ | „ | 200000 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 0 | 200000 |
| ബ്ളോക്ക് പഞ്ചായത്ത് | „ | 250000 | നെൽകൃഷി വികസനം | 250000 | 0 |
| „ | „ | 250000 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | ,, | 200000 | അനുപൂരക പോഷകാഹാരം | 200000 | 0 |
| ,, | ,, | 416950 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 416950 | 0 |
| ,, | ,, | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 129906 | 20094 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോ സിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ആത്യശ്ശേരി കുടിവെള്ളപദ്ധതി സർവ്വെയ്ക്ക് പണമടക്കൽ | 21600659/12-01-2017 | 5250 | 5250 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 21600917/31-3-2017 | 75000 | 0 | 75000 |
| കെ.എസ്.ഇ.ബി | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21600747/20-2-2017 | 788100 | 0 | 788100 |
| കെ.എസ്.ഇ.ബി | ആനക്കുണ്ട് മാമ്പ്ര കോൾ പടവിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 21500886/16-3-2016 | 426830 | 426830 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21700793/27-4-2017 | 711375 | 711375 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21700798/22-12-2017 | 183750 | 0 | 183750 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | നായാടി കോളനി കുടിവെള്ള പദ്ധതി | 21500889/18-3-2016 | 420000 | 0 | 420000 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ആത്യശ്ശേരി കുടിവെള്ളപദ്ധതി | 21600789/07-03-2017 | 550000 | 550000 | 0 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പെങ്ങാമുക്ക് നട്ടുമുറി കോളനി കുടിവെള്ള പദ്ധതി | 21600790/7-3-2017 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പെങ്ങാമുക്ക് നട്ടുമുറി കോളനി കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം | 21600812/07-03-2017 | 100000 | 100000 | 0 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ജെ.പി.എസ്. കുടിവെള്ള പദ്ധതി, ആരുവായ് നട്ടുമുറി കുടിവെള്ള പദ്ധതി, വെളിയത്ത് കോളനി റോഡ് കുടിവെള്ള പദ്ധതി, കിഴക്കുമുറി ലക്ഷംവീട് കുടിവെള്ള പദ്ധതി സർവ്വേ ചാർജ്ജ് | 21700366/14-08-2017 | 7000 | 0 | 7000 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | വെളിയത്ത് റോഡ് കുടിവെള്ള പദ്ധതി | 21700788/30-8-2017 | 500000 | 0 | 500000 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കിഴക്കുംമുറി ലക്ഷംവീട് കുടിവെള്ള പദ്ധതി | 21700789/30-10-2017 | 500000 | 0 | 500000 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | അരുവായ് നട്ടുമുറി കുടിവെള്ള പദ്ധതി | 21700797/30-10-2017 | 500000 | 0 | 500000 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ആത്യശ്ശേരി കുടിവെള്ള പദ്ധതി സർവ്വേയ്ക്ക് പണമടയ്ക്കൽ | 21600659/12-01-2017 | 5250 | 0 | 5250 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | സ.ഉ നമ്പർ 175/ജിബി1 /15/ത.സ്വ.ഭ.വ തീയതി. 19/08/2015 | 19200000 | 13970293 | 200000 | 1450579 | 13770293 |

കുറിപ്പ്:- തിരിച്ചടക്കാൻ ബാക്കിയുള്ള യഥാർത്ഥ തുക വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57419319 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61689403 |
| വരവിനങ്ങളിലുള്ള നഷ്ടം | 1963 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2145393 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 418 | - | ശ്രീ. സാബു. പി. വി.,സെക്രട്ടറി |
| 2-5 | 845 | | ശ്രീ. സാബു. പി. വി.,സെക്രട്ടറി |
| 2-8 | 700 | | ശ്രീ. സാബു. പി. വി.,സെക്രട്ടറി |
| 3-19 | | 20000 | ശ്രീമതി. ആൻസി ജോസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 1963 | 20000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(എ) | 1125000 | ശ്രീ. സാബു. പി. വി. സെക്രട്ടറി, |
| 3-3(ബി) | 10,00,000 | ശ്രീ. എ.ജെ ബൈജു, അസി. സെക്രട്ടറി, |
| 3-16 | 3000 | ഡോ. ആഷിക്. എൻ.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പഴഞ്ഞി |
| 3-17 | 17393 | ശ്രീ ഇ.എം മുഹമ്മദ് അമീൻ, ജി.എൽ.പി.എസ്, പെങ്ങാമുക്ക് |
| ആകെ | 2145393 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-5 | 48261 | ശ്രീ സാബു പി.വി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. സാബു. പി. വി. സെക്രട്ടറി, | സെക്രട്ടറി ,താന്ന്യം ഗ്രാമ പഞ്ചായത്ത് | പുലിക്കോട്ടിൽ വീട്, താന്ന്യം . പി. ഒ, തൃശ്ശൂർ |
| ആൻസി ജോസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ഒല്ലൂക്കര | തയ്യാലക്കൽ വീട്, മരിയ റോഡ് ഗാർഡൻ പി. ഒ, നെട്ടിശ്ശേരി, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 10 – 50/83 തി. 19.3.83 |
| 1981-82 | എൽ.എഫ്.ടി. 10 – 1957/84 തി. 28.10.84 |
| 1982-83 | എൽ.എഫ്.ടി. 10 – 1501/87 തി. 11.5.88 |
| 1983-84 | എൽ.എഫ്.ടി. 10 – 1277/88 തി. 26.7.88 |
| 1984-85 | എൽ.എഫ്.ടി. 10 – 67/90 തി. 3.2.90 |
| 1985-86 | എൽ.എഫ്.ടി. 10 – 2050/90 തി. 30.7.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10 – 1093/92 തി. 23.3.93 |
| 1988-89,89-90 | എൽ.എഫ്.ടി. 10 – 176/94 തി. 25.6.94 |
| 1990-91 | എൽ.എഫ്.ടി. 10 – 1691/94 തി. 29.8.95 |
| 1992-93,93-94 | എൽ.എഫ്.ടി. 10 – 430/95 തി. 20.11.95 |
| 1995-96 | എൽ.എഫ്.ടി. 10 – 752/2001തി. 6.2.01 |
| 96-97 | എൽ.എഫ്.ടി. 10 – 356/93 തി. 24.10.00 |
| 97-98 | എൽ.എഫ്.ടി. 10 – 1097/99 തി. 28.5.2000 |
| 98-99 | എൽ.എഫ്.ടി. 10 – 943/2000 തി. 14.9.2000 |

| | |
|---|---|
| 99-2000 | എൽ.എഫ്.ടി. 10 – 1680/02 തി. 14.9.00 |
| 2000-01, 01-02( പ്ലാൻ) | എൽ.എഫ്.ടി. 10 – 1398/03 തി. 13.11.03 |
| 2001-02 | എൽ.എഫ്.ടി. 10 – 2406/07 തി. 7.12.07 |
| 2002-03 | എൽ.എഫ്.ടി. 10 – 2448/07 തി. 20.12.08 |
| 2003-04 | എൽ.എഫ്.ടി. 10 – 2147/07 തി. 20.12.08 |
| 2004-05 | എൽ.എഫ്.ടി. 10 – 2149/07 തി. 20.12.08 |
| 2005-06, | എൽ.എഫ്.ടി. 10 – 2150/07 തി. 20.12.08/6.2.09 |
| 2006-07 | എൽ.എഫ്.ടി. 10 – 540/10 തി. 18.9.10/1.9.11 |
| 2007-08 | എൽ.എഫ്.ടി.പി 2 – 1920/11 തി. |
| 2008-09 | എൽ.എഫ്.ടി.പി 2 – 1921/11 തി. 27.2.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി 2 – 1422/12 തി. |
| 2011-12 | എൽ.എഫ്.ടി.പി 6 – 1976/13 തി. 2.6.14/16.7.14 |
| 2012 -13 | എൽ.എഫ്.ടി.പി 9 – 1838/14 തി. 16.3.15/11.5.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി 9 –1686/15, 23.12.2015/16.1.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1148/16,16/7/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -2051/16,7.12.16/17.1.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1314/2017തീയതി 18.09.17/12.10.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാട്ടകാമ്പൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ശരിയായ ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം (AuditedAbstract) | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ